വാട്ടർ അതോറിറ്റി ചെലവഴിച്ച പദ്ധതി, പദ്ധതിയേതരചെലവുകൾ

88 (980) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ അഞ്ചു സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷവും കുടിവെള്ള വിതരണത്തിനുവേണ്ടി വാട്ടർ അതോറിറ്റി ചെലവഴിച്ച പദ്ധതിചെലവും, പദ്ധതി ഇതര ചെലവും സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) വാട്ടർ അതോറിറ്റിയുടെ കഴിഞ്ഞ അഞ്ച് വർഷത്തെ ബഡ്ജറ്റുകളിൽ ഓരോ ബഡ്ജറ്റിലും കുടിവെള്ളം, ശുചിത്വം എന്നീ മേഖലകളിൽ പദ്ധതി വിഹിതം എത്ര കോടി ആയിരുന്നുവെന്നും യഥാർത്ഥ ചെലവ് എത്രകോടി വീതമായിരുന്നു എന്നും വെളിപ്പെടുത്തുമോ ;

(സി) ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കുടിവെള്ളം, ശുചിത്വം എന്നീ മേഖലയിൽ വകയിരുത്തിയ തുകയിൽ ഏറ്റവും ഒടുവിലത്തെ കണക്കനുസരിച്ച് ചെലവഴിച്ച തുക എത്ര ;

(ഡി) കഴിഞ്ഞ അഞ്ചു വർഷത്തിൽ ഓരോ വർഷവും വാട്ടർ അതോറിറ്റി ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്ന് എത്ര തുക വീതം വായ്പ വാങ്ങുകയുണ്ടായി ?

ഉത്തരം

(എ) കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷവും കുടിവെള്ള വിതരണത്തിനുവേണ്ടി വാട്ടർ അതോറിറ്റി ചെലവഴിച്ച പദ്ധതി ചെലവും, പദ്ധതി ഇതര ചെലവും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 'എ' യിൽ ചേർത്തിരിക്കുന്നു.†

(ബി) വിശദവിവരം അനുബന്ധം 'ബി' യിൽ ചേർത്തിരിക്കുന്നു.†

(സി) 2003-2004 സാമ്പത്തിക വർഷത്തിൽ കുടിവെള്ളം, ശുചിത്വം എന്നീ മേഖലകളിലേയ്ക്കായി യഥാക്രമം 9903 ലക്ഷം രൂപയും 2,000 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതിൽ 31-5-2003 വരെ കുടിവെള്ള മേഖലയിലേയ്ക്കായി 120.6 ലക്ഷം രൂപയും ശുചിത്വത്തിനായി 0.28 ലക്ഷം രൂപയും ചെലവാക്കുകയുണ്ടായി.

(ഡി) കഴിഞ്ഞ അഞ്ചു വർഷത്തിൽ ഓരോ വർഷവും വാട്ടർ അതോറിറ്റി, ഹഡ്കോ, എൽ. ഐ. സി എന്നീ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

വർഷം	ഹഡ്കോ	എൽ. ഐ. സി
1998-99	3,928.28	ഇല്ല
1999-2000	690.99	3000.00
2000-2001	180.91	2,590.90
2001-2002	ഇല്ല	ഇല്ല
2002-2003	ഇല്ല	5000.00

† അനുബന്ധം VIII, VIII (a)

LIBRARY ARCHIVES Kerala Legislative Assembly